പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1872 17-12-2012 -ൽ മറുപടി നൽകേണ്ടിയിരുന്നത്.

## ബാറുകളുടെ പ്രവർത്തന സമയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബാറുകളുടെ പ്രവർത്തന സമയം തീരുമാനിക്കുന്നത് സംബന്ധിച്ച കേസിൽ ഉത്തരവുകളും നിരീക്ഷണങ്ങളും എതിരായാൽ മന്ത്രിമാരും ഭരണകർത്താക്കളും അസഹിഷ്ണുതയുള്ളവരാകുന്നുവെന്ന കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) പരാമർശത്തിലുള്ള കേസിൽ, ഉത്തരവുകളും നിരീക്ഷണങ്ങളും എതിരായാൽ മന്ത്രിമാരും ഭരണകർത്താക്കളും അസഹിഷ്ണുതയുള്ളവരാകുന്നു എന്ന് ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടില്ല. മറിച്ച്, മന്ത്രിമാരും, രാഷ്ട്രീയനേതാക്കളും കാര്യങ്ങൾ വിലയിരുത്തി, ജഡ്ജിമാർ പ്രകടിപ്പിക്കുന്ന വീക്ഷണങ്ങളോട് സഹിഷ്ണുത കാട്ടണമെന്നാണ് ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളത്. |
| (ബി) കോടതി ഇത്തരത്തിൽ നിരീക്ഷിക്കാനിടയായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. കോടതി വിധികളുടെ / പരാമർശങ്ങളുടെ അന്ത:സത്ത സർക്കാർ ഉൾക്കൊള്ളുന്നു. |
| (സി) സർക്കാർ പ്രഖ്യാപിച്ച അബ്കാരി നയം സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ? | (സി) ത്രീ സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ഇനി മുതൽ ബാർ ലൈസൻസ് നൽകില്ല എന്ന നിബന്ധനയും, പുതിയ ബാർ അനുവദിക്കുമ്പോൾ, പഞ്ചായത്തുകളിൽ 3 കിലോമീറ്ററിനുള്ളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ഒരു കിലോമീറ്ററിനുള്ളിലും, മറ്റൊരു ബാർ ഹോട്ടൽ പാടില്ല എന്ന നിബന്ധനയും, ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയും, ബാറുകളുടെ പ്രവർത്തനസമയം 3 മണിക്കൂർ കുറച്ചപ്പോൾ, പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലും വ്യത്യസ്ത സമയങ്ങൾ നിശ്ചയിച്ചത് പുന:പരിശോധിച്ച്, ഏകീകൃത സമയക്രമം നിശ്ചയിക്കാനും, ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ